കേൾക്കേണ്ട ശബ്ദം:
ഭരണഘടനയുടെ സൗന്ദര്യം ഞാനും നീയും നമ്മളും ഉൾപ്പെടുന്നുവെന്നതിനാലാണ്. അതാണ് സഹിഷ്ണുത, അതാണ് സഹാനുഭൂതി.
- ജസ്റ്റിസ് ദീപക് മിശ്ര.

മക്തബ്

1194 കന്നി 20 — 1439 മുഹറം 25

കഞ്ചാവ് റാക്കറ്റിന് എതിരെ നടപടി വേണം

തളിപ്പറമ്പ് ടൗണിലും പരിസരപ്രദേശങ്ങളിലും കഞ്ചാവ് റാക്കറ്റ് പിടിമുറുക്കിയിരിക്കുകയാണെന്ന യാഥാർത്ഥ്യത്തിന് നേരെ അധികൃതർ ഇനിയും നിസംഗത പാലിക്കരുത്. നഗരസഭ പ്രതിപക്ഷ നേതാവ് കെ. മുരളീധരൻ തന്നെ കഞ്ചാവ്- മദ്യ റാക്കറ്റിന് എതിരെ നടപടി ആവശ്യപ്പെട്ട് ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

കഞ്ചാവ് റാക്കറ്റിന് എതിരെ കഴിഞ്ഞ കുറച്ചുകാലമായി എക്സൈസും പോലീസും കർശന നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ അവരുടെ കണ്ണുവെട്ടിച്ച് നിർബാധം വിൽപ്പന നടക്കുന്നുമുണ്ട്. പുതിയ പുതിയ പ്രദേശങ്ങളിലേക്ക് റാക്കറ്റ് വല വീശുന്നതാണ് കാണുന്നത്. അതിലൂടെ ഗ്രാമങ്ങളിലടക്കം ഈ റാക്കറ്റ് നഖം ആഴ്ത്തുകയാണ്. പുളിമ്പറമ്പ്, മാന്ധംകുണ്ട്, കീഴാറ്റൂർ, ഭ്രാന്തൻകുന്ന്, പാലകുളങ്ങര തുടങ്ങിയ പ്രദേശങ്ങളിൽ സമീപകാലത്ത് കഞ്ചാവ് വിൽപ്പനയും ഉപയോഗവും വർധിച്ചതായി വാർത്തകളുണ്ടായിരുന്നു.

ഏറ്റവും ക്രൂരമായ കാര്യം വിദ്യാർത്ഥികളാണ് റാക്കറ്റിന്റെ വലയിൽ വീഴുന്നത് എന്നതാണ്. അരാഷ്ട്രീയവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ അടയാളമാണിത്. മയക്കുമരുന്ന് ഉപയോഗം തലമുറയെ തന്നെയാണ് നശിപ്പിക്കുന്നത്. ഒന്നിനും കൊള്ളാത്ത, ചുറ്റുപാടുകളെ മനസിലാക്കാൻ കഴിയാത്ത തലമുറയാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നത്.

കഞ്ചാവ് നൽകി റാക്കറ്റ് വലയിലാകുന്ന വിദ്യാർത്ഥികളെ കഞ്ചാവ് വിൽപ്പനയ്ക്കുവേണ്ടിയും ഉപയോഗിക്കുന്നുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ ഉൾപ്പെടെ കഞ്ചാവ് വിൽപ്പനക്കിടയിൽ പിടിക്കപ്പെട്ടുവെന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. എല്ലാത്തിനും മീതെ പണത്തെ പ്രതിഷ്ഠിക്കുന്ന സമൂഹത്തിൽ, ഒടുങ്ങാത്ത ആർത്തികളിലൂടെ സഞ്ചരിക്കുന്ന സമൂഹത്തിൽ ഇത് സ്വാഭാവികമാണ്. അതുകൊണ്ട് നിയമപരമായി മാത്രം നേരിടാൻ കഴിയുന്ന പ്രശ്നമല്ലിത്; അതിന് പ്രാധാന്യമുള്ളപ്പോൾ തന്നെ.

ഗ്രാമങ്ങളിലെ വായനശാലകളും ക്ലബുകളും ഒക്കെ സജീവമാക്കുക എന്നത് പ്രതിരോധത്തിന്റെ പരിചയാണ്. ക്ലബുകളുടെയും വായനശാലകളുടെയും വാർഷികം കെങ്കേമമായി ആഘോഷിച്ചതുകൊണ്ടുമാത്രം കാര്യമില്ല. ഒരുകാലത്ത് സംവാദത്തിന്റെ ഇടങ്ങളായിരുന്നു വായനശാലകളും ക്ലബുകളും ഒക്കെ. അത് തിരിച്ചുപിടിക്കാൻ കഴിയണം. പുസ്തകങ്ങളെ കുറിച്ച്, സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ച് സംവാദങ്ങൾ നടക്കട്ടെ. അതോടൊപ്പം നാടകം തുടങ്ങിയ കലാരൂപങ്ങളെയും തിരിച്ചുകൊണ്ടുവരണം. മുമ്പൊക്കെ ക്ലബുകളുടെയും വായനശാലകളുടെയും വാർഷിക പരിപാടിയിൽ പ്രധാന ഇനമായിരുന്നു നാടകം. ഒട്ടനവധി കലാകാരൻമാരാണ് അതിലൂടെ ഉയർന്നുവന്നത്. പണമല്ല നാടകാവതരണത്തിന് തടസം നിൽക്കുന്ന ഘടകം. ഒരു നാടകാവതരണത്തിന് വേണ്ടതിനെക്കാൾ പണം മറ്റ് പല കലാപരിപാടികൾക്കും വേണ്ടി ചെലവഴിക്കുന്നുണ്ട്. അതിൽ പലതും ജനങ്ങളുടെ കാഴ്ചയെ മറയ്ക്കുന്നതും നൈമിഷികമായ ആനന്ദം നൽകുന്നതുമാണ്. നാടകം എന്നത് നാടിന്റെ അകം തന്നെയാണ്. നാടിന്റെ അകം കണ്ടുകൊണ്ട് നമ്മുടെ കുട്ടികൾ വളരട്ടെ. അവർക്ക് നിരന്തരം സർഗാത്മക പ്രവൃത്തിയിൽ ഏർപ്പെടാൻ ഇടമുണ്ടാകുമ്പോൾ സാമൂഹ്യവിരുദ്ധ പ്രവൃത്തികളിൽ നിന്ന് അവരെ അടർത്തിമാറ്റാൻ കഴിയും.

തളിപ്പറമ്പിൽ മദ്യ റാക്കറ്റിന്റെ പിടി അൽപ്പം അയഞ്ഞിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ ബാറുകൾ വന്നത് ഇതിനൊരു കാരണമായിട്ടുണ്ട്. നേരത്തെ വിദേശമദ്യ വിൽപ്പന ശാല തളിപ്പറമ്പിലുണ്ടായിരുന്നപ്പോൾ അവിടെ നിന്ന് മദ്യം വാങ്ങി ഇടവഴികൾ മുഴുവൻ കൈയടക്കിയ ആൾക്കാരുണ്ടായിരുന്നു. ഇരുന്ന് മദ്യപിക്കാൻ ഇടമില്ലാത്തതായിരുന്നു അതിനൊരു കാരണം. സർക്കാരിന്റെ വിദേശമദ്യവിൽപ്പന ശാലകളിൽ ബാറുകളിലെതിനേക്കാൾ കുറഞ്ഞ വിലക്ക് മദ്യം ലഭിക്കും. അതുകൊണ്ടുതന്നെ സാധാരണക്കാരായ തൊഴിലാളികൾ അത്തരം സ്ഥാപനങ്ങളിൽ നിന്ന് മദ്യം വാങ്ങിക്കൊണ്ടുവന്ന് ഇടവഴികൾ താവളമാക്കുന്നുണ്ട്. അത് മുതലെടുത്ത് മദ്യം വാങ്ങിക്കൊണ്ടുവന്ന് ഇത്തരക്കാർക്ക് വിൽക്കുന്ന സംഘവുമുണ്ട്. അവരാണ് തളിപ്പറമ്പ് ബസ്സ്റ്റാന്റിൽ നിന്ന് പൂക്കോത്തെരുവിലേക്കുള്ള ഇടവഴിയും വിവിധ വ്യാപാര സമുച്ചയങ്ങളുടെ കോണിപ്പടികളും ഒഴിഞ്ഞ മുറികളും ദുരുപയോഗം ചെയ്യുന്നത്.

സ്വവർഗരതി കുറ്റകൃത്യമല്ലാതാക്കിയിട്ടുണ്ടെങ്കിലും പൊതുഇടങ്ങളിൽ നിരന്തരം ബന്ധങ്ങളിൽ ഏർപ്പെടുന്നത് കുറ്റകൃത്യം തന്നെയാണ്. ഇതിന്റെ മറവിൽ പിടിച്ചുപറിയും ബ്ലാക്ക്മെയിലിങ്ങും ശക്തമാകുന്നു എന്നത് തളിപ്പറമ്പിന്റെ തന്നെ അനുഭവമാണ്.

വിദ്യാർത്ഥിനികളെ വലയിൽ കുരുക്കി ഒഴിഞ്ഞ കെട്ടിടങ്ങളിൽ കൊണ്ടുപോകുന്നതും വർധിച്ചിട്ടുണ്ട്. ഇത് അധ്യാപകരുടെ തന്നെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അധ്യാപകർക്കൊപ്പം രക്ഷിതാക്കളും ജാഗ്രതയോടെ രംഗത്ത് വന്നാൽ ഒരു പരിധിവരെ ഇത് തടയാൻ കഴിയും. അതിനൊപ്പം കെട്ടിട ഉടമകളും അവിടെ വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവരും ശ്രദ്ധപതിപ്പിക്കണം. കെട്ടിടങ്ങളിൽ നിരീക്ഷണ ക്യാമറ വെക്കുകയും കോണിപ്പടികൾക്ക് ഗെയിറ്റ് സ്ഥാപിക്കുകയും ചെയ്താൽ മദ്യ കഞ്ചാവ്- സ്വവർഗരതി - പൂവാല റാക്കറ്റിനെ തടയാൻ കഴിയും. സൗകര്യങ്ങളുള്ളത് കൊണ്ടാണ് അവ ദുരുപയോഗം ചെയ്യുന്നത്.

സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

ആലക്കോട്: കരുവഞ്ചാൽ ടൗൺ ലയൺസ് ക്ലബ്, മാമ്പൊയിൽ പബ്ലിക് ലൈബ്രറി, മലബാർ ഐ ഹോസ്പിറ്റൽ കണ്ണൂർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധനയും തിമിര ശസ്ത്രക്രിയയും സംഘടിപ്പിച്ചു. മലബാർ ഐ. ഹോസ്പിറ്റലിലെ പ്രശസ്ത നേത്രരോഗ വിദഗ്ധൻ ഡോ. കെ.എം. സീമ ക്യാമ്പിന് നേതൃത്വം നൽകി. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ ഉദ്ഘാടനം ചെയ്തു. വി.പി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. തോമസ് എക്കരക്കണ്ടം, ജിൻസ് ഉഴുത്തിനാമ്മല, അനൂജ ബെന്നി, ജോസുകുട്ടി പാഴുകുന്നേൽ നേതൃത്വം നൽകി. സുനിൽ മൂളയന്നൂർ സ്വാഗതവും കൃഷ്ണൻകുട്ടി നന്ദിയും പറഞ്ഞു.

വിഖായദിന സംഗമം നടത്തി

തളിപ്പറമ്പ: തളിപ്പറമ്പ മേഖലാ വിഖായ ദിന സംഗമം ജലീൽ ഹസനി ഉദ്ഘാടനം ചെയ്തു. കരീം അരിയിൽ അധ്യക്ഷനായി. ഹസൈനാർ മാസ്റ്റർ ക്ലാസെടുത്തു. സിദ്ദീഖ് ദാരിമി ബക്കളം, ഇബ്നു ആദം, ശഫീഖ് ദാരിമി, ഹാരിസ് ഫൈസി, അബ്ദുള്ള യമാനി, തുഫൈൽ അരിപ്പാമ്പ്ര, സഫ്വാൻ പനക്കാട്, ശിബ്ലി അരിയിൽ സംബന്ധിച്ചു.

അറിയിപ്പ്

ഉദയഗിരി: ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു ഒഴിവിലേയ്ക്ക് ബികോം, പി.ജി.ഡി.സി.എ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. 17 ന് മുമ്പായി ബയോഡാറ്റ സഹിതം പഞ്ചായത്ത് ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കണമെന്ന് അറിയിക്കുന്നു.

മാസാന്ത സ്വലാത്ത് മജ്‌ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്രപ്രസിദ്ധമായ രയരോം മഖാമിൽ നടന്നുവരുന്ന മാസാന്ത സ്വലാത്ത് മജ്‌ലിസും കൂട്ടുപ്രാർത്ഥനയും നാളെ രാത്രി ഏഴ് മണിക്ക് നടക്കും. ഉസ്താദ് ബഷീർ ലത്തീഫി മമ്പേരി നേതൃത്വം നൽകും.

ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്ക് എതിരെ നടപടി

തളിപ്പറമ്പ: നഗരസഭാ പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിക്കൊരുങ്ങി നഗരസഭ. സ്ഥാപനങ്ങളിൽ ലൈസൻസ് പൊതുജനങ്ങൾക്ക് കാണാൻ പാകത്തിൽ പ്രദർശിപ്പിക്കണം. ലൈസൻസില്ലാത്തവർ കൈപ്പറ്റണം. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ പിഴ ഈടാക്കൽ, സ്ഥാപനം അടപ്പിക്കൽ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്നും സെക്രട്ടറി അറിയിച്ചു.

യൂത്ത് ക്ലബുകളെ ആദരിച്ചു

കണ്ണൂർ: മഹാത്മ ഗാന്ധിയുടെ നൂറ്റിയമ്പതാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ അഫിലിയേറ്റ് ചെയ്ത സന്നദ്ധ സംഘടനകളിലൂടെ മൂന്നുമാസം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം കലക്ടർ മീർ മുഹമ്മദലി ഐ എ എസ് നിർവഹിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത ക്ലബ്ബുകളെ സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു.ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ എസ്.ആർ അഭയ് ശങ്കർ അധ്യക്ഷനായി. ടി.എം അന്നമ്മ, പയ്യന്നൂർ വിനീത് കുമാർ സംസാരിച്ചു.

പരിപാടിയോടനുബന്ധിച്ച് നടന്ന 'ഗാന്ധി @ 150' അയൽപക്ക യൂത്ത് പാർലമെൻറിൽ 'ഗാന്ധിയൻ ചിന്തയും ദുരന്തനിവാരണവും' എന്ന വിഷയത്തിൽ സുരേഷ് ബാബു എളയാവൂർ മുഖ്യപ്രഭാഷണം നടത്തി. ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള ഗാന്ധി അനുസ്മരണ ക്വിസ് മത്സരവും നടന്നു.

കെ.വി മിഥുൻ മോഹനൻ, പി.കെ ഷംസീർ,പി. മിഥുൻ മോഹനൻ,പി.സി സഹീറ നേതൃത്വം നൽകി.

മാമ്പൊയിൽ പബ്ലിക് ലൈബ്രറിയിൽ നടന്ന മെഡിക്കൽ ക്യാമ്പ് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ ഉദ്ഘാടനം ചെയ്യുന്നു.

ചീക്കാട്- തിരുനെല്ലി ബസ് സർവ്വീസ് പുനരാരംഭിച്ചു

ആലക്കോട്: പ്രളയത്തെ തുടർന്ന് നിർത്തിവെച്ചിരുന്ന ചീക്കാട് - തിരുനെല്ലി കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് പുനരാരംഭിച്ചു. പുലർച്ചെ 5.15ന് ചീക്കാട് നിന്ന് പുറപ്പെടുന്ന ബസ് 5.45ന് ആലക്കോടും 9.15ന് മാനന്തവാടിയിലും തുടർന്ന് തിരുനെല്ലിയിലുമെത്തും. ഉച്ചകഴിഞ്ഞ് 2.45ന് മാനന്തവാടിയിൽ നിന്ന് പുറപ്പെടുന്ന ബസ് അഞ്ച് മണിക്ക് ഇരിട്ടിയിലും രാത്രി 7.15ന് ചീക്കാടും എത്തും.

'ഇമാം' ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു

എ. റഹ്മാൻ, മുസ്തഫ മുക്കോല

കണ്ണൂർ: സർവ്വീസിൽ നിന്ന് വിരമിച്ച അറബി അദ്ധ്യാപകരുടെ കൂട്ടായ്മയായ ഇത്തിഹാദു മുഅല്ലിമിൽ അറബിയ്യഃ അൽ മുതഖാഇദീൻ (ഇമാം) കണ്ണൂർ ജില്ലാ സംഗമം സംസ്ഥാന വൈസ് പ്രസിഡന്റ് ബി.എ. റഹ്മാന്റെ അധ്യക്ഷതയിൽ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി സി.എച്ച്. ഹംസ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി സി. അബ്ദുൽ അസീസ്, സി.ടി. കുഞ്ഞയമു, വി.പി. അബ്ദുൽ അസീസ്, മുസ്തഫ മുക്കോല, കെ.ടി. കുഞ്ഞി മൊയ്തീൻ, എ. അബ്ദുൽ അസീസ്, എ അഹ്മദ്കബീർ, കെ. അബ്ദുൽ റഹ്മാൻ, കെ.കെ. അബ്ദുല്ല, എ. പി. ബഷീർ സംസാരിച്ചു.

ജില്ലാ ഭാരവാഹികളായി ബി. എ.റഹ്മാൻ (പ്രസിഡന്റ്), മുസ്തഫ മുക്കോല (ജനറൽ സെക്രട്ടറി), കെ.ടി. കുഞ്ഞിമൊയ്തീൻ (ട്രഷറർ), സി.എച്ച്. മുഹമ്മദ് കുട്ടി , കെ.പി. അബ്ദുൽമജീദ് , എ. അബ്ദുൽ അസീസ്, കെ. അബ്ദുൽ റഹ്മാൻ (വൈസ് പ്രസിഡന്റ്), എ. അഹ്മദ് കബീർ, സി.അബൂബക്കർ, കെ.ടി.അലി, എ.കാദർ (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.

ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം

തളിപ്പറമ്പ: റിനൈസൻസ് എഡ്യുക്കേഷൻ ആന്റ് ചാരിറ്റബിൾ ഫൗണ്ടേഷന്റെ (ആർ.സി.എഫ്) ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 18 വയസിന് മുകളിലുള്ളവർക്കാണ് അവസരം. സോപ്പ്, കുട, പേപ്പർ ബാഗ്, ബോക്ക്, മെഴുകുതിരി തുടങ്ങിയവയുടെ നിർമ്മാണവും കമ്പ്യൂട്ടർ, നീന്തൽ, ടെന്നീസ് തുടങ്ങിയവയിൽ പരിശീലനവും നൽകുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾ കപ്പാലത്തെ സൈൻ ഓഫ് ഗോഡ് ഓഫീസിലെ 9995741158, 7907793318 എന്ന നമ്പറിലോ ബന്ധപ്പെടണം.

റബർ സംഘം ഓഫീസ് ഉദ്ഘാടനം

എരുവാട്ടി: കൊട്ടക്കൊയിൽ റബർ കർഷക സംഘം ഓഫീസ് റബർ ബോർഡ് ഡെവലപ്പ്മെന്റ് ഓഫീസർ എ.പി. വിലാസിനി ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡണ്ട് പി.എസ്. ജോർജ് അധ്യക്ഷത വഹിച്ചു. കെ.കെ. ശശി, മാത്തുക്കുട്ടി മേനോനിക്കൽ പ്രസംഗിച്ചു.

പറശിനിക്കടവ് ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് ഐ.ആർ.പി.സി കോട്ടല്ലൂർ ലോക്കലിന് വാട്ടർ ബെഡ് നൽകുന്നു.

ഐ.ആർ.പി.സിക്ക് വാട്ടർബെഡ് നൽകി

പറശിനിക്കടവ് പറശിനിക്കടവ് ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഐ.ആർ.പി.സി കോട്ടല്ലൂർ ലോക്കലിന് വാട്ടർ ബെഡ് നൽകി. നഗരസഭാ വൈസ് ചെയർമാൻ കെ.ഷാജു ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് സി.വിബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. കെ.പി.മോഹനൻ, പി.എൻ.രാജപ്പൻ മാസ്റ്റർ, കെ.എം.ബിപിൻ ലാൽ മാസ്റ്റർ, നഗരസഭാ കൗൺസിലർമാരായ കെ.കെ.കുഞ്ഞമ്പു മാസ്റ്റർ, കെ. പുഷ്പജൻ മാസ്റ്റർ, പി.കെ.മുഹമ്മദ് കുഞ്ഞി സംസാരിച്ചു. രൂപേഷ് സ്വാഗതവും വി.പ്രസാദ് നന്ദിയും പറഞ്ഞു.

സമ്മാനത്തുക ദുരിതാശ്വാസത്തിന്

തളിപ്പറമ്പ: ആന്തൂർ വി.ദാസൻ സ്മാരക ട്രസ്റ്റ് വർഷം തോറും സംഘടിപ്പിക്കാറുള്ള ദാസൻ സ്മാരക പ്രസംഗമത്സരം പ്രളയ ദുരിതത്തിന്റെ പശ്ചാത്തലത്തിൽ ഉപേക്ഷിച്ചു. മത്സര വിജയികൾക്ക് നൽകേണ്ടിയിരുന്ന സമ്മാനത്തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ ട്രസ്റ്റ് ഭരണസമിതി തീരുമാനിച്ചു. ഒ.കുഞ്ഞൻ അധ്യക്ഷത വഹിച്ചു. ടി.ജനാർദ്ദൻ, ഇ.ടി.രാജീവൻ, കെ.നാരായണൻ മാസ്റ്റർ, സി.വി.വിജയൻ, എ.മോഹനൻ പ്രസംഗിച്ചു.

ആധാരം നഷ്ടപ്പെട്ടു

തളിപ്പറമ്പ ടൗണിൽ വെച്ച് ഭൂമിയുടെ ആധാരം നഷ്ടപ്പെട്ടിട്ടുണ്ട്. കണ്ടുകിട്ടുന്നവർ 7012161318 നമ്പറിൽ അറിയിക്കാൻ താൽപ്പര്യം.

കലക്ട്രേറ്റിന് മുന്നിൽ സവാക്കിന്റെ പ്രതിഷേധത്തിനിടെ നാരായണൻകുട്ടി കണ്ണൂർ ഏകപാത്ര നാടകം അവതരിപ്പിച്ചപ്പോൾ

കലാകാരന്മാരുടെ ദുരിതം; 'അരങ്ങിന്റെ രോദന'വുമായി സവാക്

കണ്ണൂർ: പ്രളയത്തെ തുടർന്ന് കലാപരിപാടികളും ആഘോഷങ്ങളും ഒഴിവാക്കുന്നതിലൂടെ കലാകാരന്മാർ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കാണുക, ദുരിതത്തിൽപെട്ട കലാകാരന്മാർക്ക് 10,000 രൂപ സഹായം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സ്റ്റേജ് ആർട്ടിസ്റ്റ്സ് ആന്റ് വർക്കേഴ്സ് അസോസിയേഷൻ ഓഫ് കേരള (സവാക്) ജില്ലാ കമ്മിറ്റി കലക്ട്രേറ്റ് പടിക്കൽ 'അരങ്ങിന്റെ രോദനം' സംഘടിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് രാജേഷ് പാലങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ടി.വി.വത്സൻ അധ്യക്ഷത വഹിച്ചു. ബിന്ദു സജിത്കുമാർ, ആർട്ടിസ്റ്റ് ശശികല, എം.വി.ജി.നമ്പ്യാർ, മൊടപ്പത്തി നാരായണൻ, ബാബു കിഷോർ സംസാരിച്ചു. ഹരിദാസ് ചെറുകുന്ന് സ്വാഗതം പറഞ്ഞു. തുടർന്ന് മൊടപ്പത്തി നാരായണൻ, സുനിൽ പാപ്പിനിശേരി, ഒ.മോഹനൻ എന്നിവരുടെ കലാപരിപാടികൾ അരങ്ങേറി.

എരുവാട്ടി കൊട്ടക്കൊയിൽ റബർ കർഷക സംഘം ഓഫീസ് എ.പി. വിലാസിനി ഉദ്ഘാടനം ചെയ്യുന്നു.

ഓട്ടോ തൊഴിലാളികൾക്കെതിരെയുള്ള പീഡനം അവസാനിപ്പിക്കണമെന്ന്

കണ്ണൂർ: പെട്രോൾ വില വർദ്ധനവ് മൂലം ജീവിതം മുന്നോട്ടു കൊണ്ടുപോകാനും സർവ്വീസ് നടത്താനും പ്രയാസപ്പെടുന്ന ഓട്ടോ തൊഴിലാളികളെ ചെക്കിംഗിന്റെ പേരിലും മറ്റും അനാവശ്യമായി പീഡിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന് കേരളാ സ്റ്റേറ്റ് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് യൂനിയൻ (എ.ഐ.യു.ഡബ്ല്യു.സി) ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു. കെ.പി.സി.സി. മെമ്പർ ടി.ഒ.മോഹനൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പ്രസിഡന്റ് നൗഷാദ് ബ്ലാത്തൂർ അധ്യക്ഷത വഹിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി സി.രഘുനാഥ് മെബർഷിപ്പ് വിതരണ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജന.. സെക്രട്ടറി അഡ്വ.പി.സുനിൽകുമാർ മുഖ്യ പ്രഭാഷണം നടത്തി. ആർ.പി.ഷഫീഖ്, ജി.ബാബു, സിദ്ദിഖ്, വി.വി.മടവൂർ റഫീഖ് പ്രസംഗിച്ചു. ജില്ലാ ജനറൽ സെക്രട്ടറി മനോഹരൻ ചാല സ്വാഗതവും കെ.സി.നിഹാൽ നന്ദിയും പറഞ്ഞു

കേരളാ സ്റ്റേറ്റ് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് യൂനിയൻ (എ.ഐ.യു.ഡബ്ല്യു.സി) ജില്ലാ കൺവെൻഷൻ കെ.പി.സി.സി. മെമ്പർ ടി.ഒ.മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.

ഹോമിയോ മെഡിക്കൽ ക്യാമ്പ് നാളെ

തളിപ്പറമ്പ: ആർ.എം. ഹോമിയോപ്പതി മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കിൽ നാളെ രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ സൗജന്യ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തും. സ്പെഷ്യാലിറ്റികളിൽ രോഗനിർണ്ണയവും സൗജന്യ മരുന്ന് വിതരണവും ഉണ്ടായിരിക്കും. ഉദരരോഗവിഭാഗം, പൈൽസ്, ആസ്ത്മ, ജീവിത ശൈലി രോഗങ്ങൾ, ചർമ്മരോഗ വിഭാഗം, ശിശുരോഗ വിഭാഗം, സ്ത്രീരോഗ വിഭാഗം, കേശസംരക്ഷണ വിഭാഗം, വെരികോസ്വെയ്ൻ എന്നീ വിഭാഗങ്ങളിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭിക്കും. ബുക്കിംഗിന് ബന്ധപ്പെടുക. 9387000100.

അപകടം സംഭവിച്ച് നിർത്താതെ പോയ വാഹനത്തിനായി തിരച്ചിൽ

തളിപ്പറമ്പ: അപകടത്തിൽ മധ്യവയസ്കക്ക് പരിക്കേറ്റ സംഭവത്തിൽ നിർത്താതെ പോയ സ്കൂട്ടറിന് വേണ്ടി തിരച്ചിൽ തുടരുന്നു. കഴിഞ്ഞ മാസം 17ന് ഉച്ചക്ക് ഒരു മണിയോടെ വരഡുലിലാണ് അപകടം നടന്നത്. ഭർത്താവിന്റെ ബൈക്കിന്റെ പിറകിൽ ഇരുന്ന് യാത്ര ചെയ്യുകയായിരുന്ന മുയ്യത്തെ പുഷ്പവല്ലിക്കാണ് (47) കാലിന് ഗുരുതരമായി പരിക്കേറ്റത്. ശസ്ത്രക്രിയക്ക് വിധേയായ പുഷ്പവല്ലിക്ക് ചികിത്സക്കും മറ്റുമായി അരലക്ഷത്തിലധികം രൂപ ചെലവായി. ഭർത്താവ് മീത്തലെ വീട്ടിൽ ചന്ദ്രൻ കുലിപ്പണിക്കാരനാണ്. അമിത വേഗതയിൽ വന്ന സ്കൂട്ടറിടിച്ചാണ് അപകടമുണ്ടായത്. ഇടിച്ച വാഹനം നിർത്താതെ പോയിരുന്നു. സമീപത്തെ സി.സി.ടി.വി ക്യാമറകൾ പരിശോധിച്ചപ്പോൾ കോളേജ് യൂണിഫോം ധരിച്ച രണ്ടുപേരാണ് വാഹനത്തിലുണ്ടായിരുന്നതെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിലും മുഖവും വാഹനത്തിന്റെ നമ്പറും വ്യക്തമല്ല. സംഭവത്തിൽ പുഷ്പവല്ലി തളിപ്പറമ്പ പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

പരസ്യം

കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്ക് ആന്തൂർ വില്ലേജിൽ കോൾമൊട്ട എന്ന സ്ഥലത്ത് പി.ഒ. നണിച്ചേരി-670 563 താമസം മുഹമ്മദ് മകൻ 56 വയസ് മൊട്ടന്റകത്ത് അബ്ദുറഹിമാൻ എന്ന ഞാൻ പരസ്യപ്പെടുത്തുന്നത്.

പൊയ്യക്കൻ പടിഞ്ഞാറെ പുരയിൽ ഉമ്മറും ഭാര്യ ചെറുകുന്നോന്റകത്ത് റംലയും കൂടി എഴുതി തന്ന കല്യാശേരി സബ് രജിസ്ട്രോഫീസിലെ 04-04-1995-ാം തീയതിയത്തെ 1113/1995-ാം നമ്പർ ജന്മാധാര പ്രകാരം ആന്തൂർ അംശം കോടല്ലൂർ ദേശത്ത് റീ.സ നമ്പർ 59/3ൽപ്പെട്ട 0.0580 ഹെക്ടർ (14½ സെന്റ്) സ്ഥലം എനിക്ക് ജന്മാവകാശവും കയ്വശവുമാണ്. പ്രസ്തുത സ്ഥലവും എന്റെ ഭാര്യയുടെ കയ്വശമുള്ള 0.0065 ഹെക്ടർ (1.6 സെന്റ്) സ്ഥലവും കൂടി ഒന്നിച്ച് ഒറ്റ പ്ലോട്ടായി കിടക്കുന്ന സ്